പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 4040

20-03-2018 ൽ മറുപടിക്ക്

## കാർഷിക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം

ചോദ്യം

ശ്രീ.ഇ.പി.ജയരാജൻ

,, കെ. ദാസൻ

,, സി. കെ. ശശീന്ദ്രൻ

,, കെ.ജെ. മാക്സി

മറുപടി

ശ്രീ.വി.എസ്. സുനിൽകുമാർ

(കൃഷി വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിലുള്ള കാർഷിക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. സെന്റർ തലത്തിൽ ബ്ലോക്കതല കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരും ജില്ലാതലത്തിൽ പ്രോജക്ട് ഡയറക്ടർ ആത്മയുമാണ്, പ്രവർത്തനം വിലയിരുത്തുന്നത്. നിലവിൽ ഭൂരിഭാഗം അഗ്രോ സർവ്വീസ് സെന്ററുകളും നല്ല നിലയിൽ പ്രവർത്തിക്കുന്നു. സ്വന്തമായി ഓഫീസ്, മിഷ്യൻയാർഡ് എന്നിവ ഇല്ലാത്ത അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം ഇനിയും മെച്ചപ്പെടാനുണ്ട്. യന്ത്രങ്ങൾ റിപ്പയർ ചെയ്യുന്നതിനും ഉപയോഗിക്കുന്നതിനും വേണ്ട നടപടികൾ എടുത്തുവരുന്നു. സംസ്ഥാനതലത്തിൽ കൃഷി അഡീഷണൽ ഡയറക്ടർ (എക്സ്റ്റൻഷൻ) കാർഷിക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നു. പ്രവർത്തനങ്ങളുടെ ഏകോപനത്തിനും നിയന്ത്രണത്തിനുമായി ഒരു സ്പെഷ്യൽ ഓഫീസറേയും നിയമിച്ചിട്ടുണ്ട്. |
| (ബി) | കർഷകർക്ക് ഏതെല്ലാം വിധത്തിലുള്ള സേവനങ്ങളാണ് ഇത്തരം കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ യന്ത്രങ്ങൾ വാടകയ്ക്ക് കൊടുക്കുന്നു. കർഷകത്തൊഴിലാളികളുടെ ലഭ്യതയും സേവനവും ഉറപ്പ് വരുത്തുന്നു. കർഷകരുടെ ആവശ്യാർത്ഥം വിവിധ കൃഷിപ്പണികൾ ചെയ്യുന്നതിനാവശ്യമായ തൊഴിലാളികളേയും യന്ത്രങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നു.<br>യന്ത്രങ്ങൾ ഉപയോഗിച്ച് നിലം ഒരുക്കൽ, മരുന്നുതളി, വിളവെടുപ്പ്, തെങ്ങുകയറ്റം തുടങ്ങിയ പ്രവർത്തനങ്ങളും ജൈവവളം, നടീൽ വസ്തുക്കൾ തുടങ്ങിയവയുടെ ഉല്പാദനം, വിതരണം തുടങ്ങിയ സേവനങ്ങൾ അഗ്രോ സർവ്വീസ് സെന്റർ മുഖേന കർഷകർക്ക് ലഭ്യമാണ്. ട്രാക്ടർ, വീഡ് കട്ടർ, പവ്വർ സ്പ്രെയർ, ഡ്രയർ, പമ്പ് |

| | | | |
|---|---|---|---|
| | | | സെറ്റ്, പവർ ടില്ലർ തുടങ്ങിയ ഉപകരണങ്ങൾ സേവന കേന്ദ്രങ്ങളിൽ ലഭ്യമാണ്. ഇവ കർഷകർക്ക് ന്യായമായ വാടകയ്ക്ക് കൊടുക്കുകയും കർഷകരുടെ യന്ത്രങ്ങൾ റിപ്പയർ ചെയ്തു കൊടുക്കുകയും ചെയ്യുന്നു. ഓരോ അഗ്രോ സർവ്വീസ് സെന്ററിലും വിദഗ്ധ പരിശീലനം ലഭിച്ച ടെക്നീഷ്യൻമാരുടെ സേവനം ലഭ്യമാണ്. |
| (സി) | യുവ തലമുറയെ കാർഷികവൃത്തിയിലേക്ക് ആകർഷിക്കുന്നതിനുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് കാർഷിക സേവന കേന്ദ്രങ്ങൾ മുഖേന നടപ്പാക്കി വരുന്നതെന്ന് അറിയിക്കുമോ; | (സി) | കാർഷിക മേഖലയിലേക്ക് യുവാക്കളെ ആകർഷിക്കുന്നതിന് വേണ്ടി, യുവാക്കളെയാണ് കാർഷിക സേവന കേന്ദ്രങ്ങളിലെ സേവന ദാതാക്കളായി തെരഞ്ഞെടുത്തിരിക്കുന്നത്. ഇവർക്ക് കൃഷിയിലും യന്ത്രവൽക്കരണത്തിലും വിദഗ്ധ പരിശീലനം നൽകി വരുമാനം കണ്ടെത്തുന്നതിന് പ്രാപ്തരാക്കുന്നു.<br>കാർഷിക മേഖല നേരിടുന്ന കർഷകത്തൊഴിലാളി ക്ഷാമത്തിന് പരിഹാരം കണ്ടെത്തുക, കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, വിവിധ കാർഷിക പ്രവർത്തനങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുക, കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങളും, സേവനങ്ങളും ലഭ്യമാക്കുക എന്നീ പ്രവർത്തനങ്ങൾ യുവതലമുറ മുഖേന കാർഷിക സേവന കേന്ദ്രങ്ങളിൽ നടപ്പിലാക്കി വരുന്നു. ഇവ കൂടാതെ കാർഷിക വികസനത്തിന് ആവശ്യമായ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, ജൈവവളം തുടങ്ങിയ ഉല്പാദകോപാധികളുടെ ഉല്പാദനം, വിതരണം എന്നിവയും യുവതലമുറ മുഖേന നടപ്പിലാക്കി വരുന്നു.<br>തൈകൾ ഉല്പാദിപ്പിക്കുന്നതിനുള്ള നഴ്സറികൾ തയ്യാറാക്കൽ, കാർഷിക വിളകൾക്ക് വളമിടൽ, മരുന്നുതളി തുടങ്ങിയ വിഷയങ്ങളിലും, ട്രാക്ടർ, ടില്ലർ മുതലായ കാർഷിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും റിപ്പയറിംഗ് നടത്തുന്നതിനുമുള്ള പരിശീലനം യുവതലമുറയ്ക്ക് കാർഷിക സേവന കേന്ദ്രങ്ങൾ മുഖേന നൽകിയിട്ടുണ്ട്. |
| (ഡി) | ഇവയുടെ പ്രവർത്തനം കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | എല്ലാ ബ്ലോക്കുകളിലും ഓരോ അഗ്രോ സർവ്വീസ് സെന്റർ വീതം പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.<br>2017-18 വരെ 70 അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. 14 സെന്ററുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ